പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 26 10-12-2012-ൽ മറുപടിയ്ക്ക്

<u>വർഗ്ഗീയ സംഘട്ടനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ഡോ. കെ.ടി. ജലീൽ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മതനിരപേക്ഷതയ്ക്ക് ഹാനി വരുത്തുന്ന തരത്തിൽ വർഗ്ഗീയ വികാരം ഇളക്കിവിടാൻ ചില ശക്തികൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില വർഗ്ഗീയ സംഘടനകൾ ഇത്തരം പ്രവർത്തികൾ നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അത്തരം ശക്തികളേയും പ്രവണതകളേയും അവസാനിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) ഇത്തരം പ്രവർത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക പോലീസ് ബന്തവസ് സ്കീമുകൾ തയ്യാറാക്കിയും CCTV ഉൾപ്പെടെയുള്ള ആധുനിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ചും പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇത്തരം പ്രവണതകൾ ഉന്മൂലനം ചെയ്യുവാനായി പൊതുജന/രാഷ്ട്രീയ/സാമുദായിക പങ്കാളിത്തത്തോടെ അവബോധന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (സി) വർഗ്ഗീയവികാരം ഇളക്കിവിടാൻ ശ്രമിച്ച എത്രപേരെ ഈ സർക്കാരിന്റെ കാലത്ത് പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി; ഏതെല്ലാം സംഘടനകളെ നിയമവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ നിരോധിക്കുകയുണ്ടായി; | (സി) വർഗ്ഗീയ വികാരം ഇളക്കിവിടാൻ ശ്രമിച്ചതിന് രജിസ്റ്റർ ചെയ്ത കേസുകളിൽ 1251 പേരെ ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്യുകയുണ്ടായി. അൺലോഫുൾ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് പ്രകാരം സിമി എന്ന സംഘടനയ്ക്കുള്ള നിരോധനം നീട്ടുവാൻ കേന്ദ്ര സർക്കാർ നടപടി എടുത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഈ സർക്കാരിന്റെ കാലത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങൾ ഏതൊക്കെയായിരുന്നു; കാസർഗോഡ് നടന്ന വർഗ്ഗീയ സംഘട്ടനം സംബന്ധിച്ച അന്വേഷണ കമ്മീഷൻ തുടർന്ന് പ്രവർത്തിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായോ? | (ഡി) ഈ സർക്കാരിന്റെ കാലത്ത് വർഗീയ സംഘട്ടനങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. കാസർഗോഡ് പോലീസ് വെടിവയ്പു സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ. എം.എ. നിസാർ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ